കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്
2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(P6)1749/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
ഫോൺ: 0487 2331249
Email: dotsr.ksad@kerala.gov.in
തിയ്യതി: 29.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1,2-2 ഖണ്ഡികളിലേയ്ക്കും ഭാഗം 3ലെ 3-1 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ടി.എസ്.ആർ(P6)1749/2017 തീയതി : 29.11.2017

## തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2016 മുതൽ 21-09-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു. ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22-9-2017 മുതൽ 28-9-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റഫിജോൺ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിജു പി ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | സുനിൽകുമാർ.കെ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ധന്യ എ സുരേന്ദ്രൻ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഔസേഫ്. ചെരടായി. | 1-4-2016 മുതൽ 31-03-2017വരെ |
| സെക്രട്ടറി | ശ്രീ.എം.കെ.ദിനേഷ്. (സെക്രട്ടറി ഇൻചാർജ്ജ്) | 1-4-2016 മുതൽ 28-07-2016 FN വരെ. |
| | ശ്രീ.സാബുജോർജ്ജ് JS (PAU 6)(സെക്രട്ടറി ഇൻ ചാർജ്ജ്) | 28-7-2016 മുതൽ 3-8-2016 FN വരെ. |
| | ശ്രീ.യഹിയ | 3-8-2016 മുതൽ 14-11-2016 FN വരെ. |
| | പി രാധാകൃഷ്ണക്കുറുപ്പ് | 14-11-2016 മുതൽ 8-12-2016 FN വരെ |
| | ശ്രീ.എം.കെ.ദിനേഷ്. | 08-12-2016 മുതൽ 31-12-2016 FN വരെ. |
| | ശ്രീമതി.ലില്ലി.എൻ.ഒ | 31-12-2016 മുതൽ 19-1-2017 FNവരെ. |
| | ശ്രീ.എം.കെ.ദിനേഷ്. | 19-1-2017 മുതൽ 7-2-2017 FN വരെ. |
| | ശ്രീമതി.ലില്ലി.എൻ.ഒ | 7-2-2017 മുതൽ 21-2-2017 FN വരെ. |
| | ശ്രീ.എം.കെ.ദിനേഷ്. | 21-2-2017 മുതൽ 31-3-2017വരെ. |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീ.എം.കെ.ദിനേഷ്. | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെഡ്മിസ്ട്രസ് ജി.ടി.എസ്, എച്ചിപ്പാറ | ശ്രീമതി.കദീജാബി.പി.കെ | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ പ്രൈമറി ഹെൽത്ത് സെന്റർ വരന്തരപ്പിള്ളി | ഡോ.സുഷിൻ സുന്ദരൻ | 01.04.16 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ ഇൻചാർജ്ജ് എൻ.ആർ.എച്ച്.എം. ഹോമിയോ . | ഡോ.ഇ.എം.അജിത് രാജ്. | 01-04-16 മുതൽ 31.03.17വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ<br>ഇൻചാർജ്ജ് ആയുർവേദ ഡിസ്പെൻസറി | ഡോ.ഷീജ.സി.യു. | 01-04-16 മുതൽ 31.03.17വരെ. |
| കൃഷി ഓഫീസർ | സതീശൻ.കെ.കെ. | 01.04.16മുതൽ 31-03-17വരെ |
| വെറ്ററിനറി സർജൻ | ഡോ. ദേവി.എസ്. | 01.04.16 മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | തനൂജ.കെ.എം. (വേലൂപ്പാടം സർക്കിൾ) | 01.04.16 മുതൽ 31.03.17 വരെ |
| | സുധ.പി.വി. (വരന്തരപ്പിള്ളി സർക്കിൾ) | 01.04.16 മുതൽ 31.03.17 വരെ |
| | സജീഷ .പി.എ (നന്തിപുലം സർക്കിൾ) | 01.04.16 മുതൽ 18.8.16 വരെ |
| | പ്രസന്ന (നന്തിപുലം സർക്കിൾ) | 19-8-16 മുതൽ 31-3-2017 വരെ |
| അസി.എൻജിനീയർ | ദിവ്യ ഗോപിനാഥൻ. | 01.04.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഇഷാ മുരളി | 01.04.16 മുതൽ 31.03.17 വരെ. |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സതി പി.ആർ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീമതി. ടീന ഫിലോമിന | 01.06.2016 മുതൽ 05.08.2016 വരെ |
| | ശ്രീമതി. വാണി.എം | 06.08.2016 മുതൽ 23.12.2016 വരെ |
| | ശ്രീമതി. റാണി എസ് നായർ | 24.12.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |

| | | |
|---|---|---|
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |
| 12 | ആഭ്യന്തര നിയന്ത്രണസംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല | 2-1 |
| 13 | ക്വാറി ലൈസൻസ് നൽകുന്നതിലെ അപാകതകൾ | 2-2 |
| 14 | ഡി & ഒ ലൈസൻസ് അധിക ഫീസ് ഈടാക്കിയില്ല | 2-3 |
| 15 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല | 2-4 |
| 16 | രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു | 2-5 |
| 17 | വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ അപാകതകൾ | 2-6 |
| ഭാഗം 3 | | |
| 18 | പദ്ധതി നടത്തിപ്പ് -മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ ആസൂത്രണവും നിർവ്വഹണവും | 3-1 |
| 19 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ -മാസങ്ങൾക്ക് ശേഷവും സ്ഥാപിച്ചിട്ടില്ല | 3-2 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി | 3-3 |
| 21 | പൊതുടാപ്പ്-സംയുക്ത പരിശോധനടത്താൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-4 |
| 22 | അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 3-5 |
| 23 | അനിമൽ ബർത്ത്കൺട്രോൾ പ്രോഗ്രാം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-6 |
| 24 | ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കേണ്ടതാണ്. | 3-7 |
| 25 | മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-8 |
| 26 | ഫെസ്റ്റിവൽ അഡ്വാൻസ് - മുൻകൂർ തിരികെ ഈടാക്കിയില്ല | 3-9 |

| | | |
|---|---|---|
| 27 | അസിസ്റ്റന്റ് എഞ്ചിനീയർ -പദ്ധതികളുടെ അവലോകനം. | 3-10 |
| 28 | ആപൽക്കരങ്ങളായ മരങ്ങൾ വെട്ടിമാറ്റൽ (so 413/17)- സ്പിൽഓവർ ആയ വർഷവും പൂർത്തിയായില്ല. | 3-11 |
| 29 | തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും - അപാകതകൾക്ക് വിശദീകരണം നൽകുന്നതുവരേക്ക് തുക തടസ്സപ്പെടുത്തുന്നു. | 3-12 |
| 30 | സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 3-13 |
| 31 | രശീതി/ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 3-14 |
| 32 | എച്ചിപ്പാറ സ്കൂൾ പെയിന്റിങ്ങ് - അപാകതകൾ | 3-15 |
| 33 | സർക്കാർ നിർദ്ദേശമില്ലാതെ പരിശീലന പരിപാടിക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത് തടസ്സപ്പെടുത്തുന്നു. | 3-16 |
| ഭാഗം 4 | | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃതഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 17-03-2016 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് 11182700/- രൂപ

പ്രതീക്ഷിത ചെലവ് 12032790/- രൂപ

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| 31-07-2017 | 29-7-2017 |
|---|---|

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

1)സർക്കാർ ഉത്തരവ് (പി) 07/2017ഫിൻ .തീ 23/01/2017പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് വേണ്ടി തുടങ്ങിയ സ്പെഷൽ ട്രഷറി സേവിങ്സ് അക്കൗണ്ട് നമ്പർ 799011400001484 ൽ 5,68,200 രൂപ നീക്കിയിരിപ്പ് കാണുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം സെപ്റ്റംബർ 30 ന് മുമ്പ് സംയുക്തപദ്ധതികൾക്കുള്ള തുക ഈ അക്കൗണ്ടിൽ ലഭ്യമാക്കേണ്ടതും ഫെബ്രുവരി 28 ന് മുമ്പ് ചെലവഴിക്കാത്ത തുകകൾ അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതുമാണ്. എന്നാൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്ത് 8.3.2017 നാണ് സ്പെഷൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിരിക്കുന്നത്. വിഹിതം ലഭിച്ചിരിക്കുന്നത് 29/3/2017 നും 31/3/2017 നും മാത്രമാണ്. ഈ തുകകളാണ് 31/3/2017 ൽ ചെലവഴിക്കാതെ അവശേഷിക്കുന്നത്.

2)ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകളുടെ തുകകൾ "ബാധ്യത" ശീർഷകത്തിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഈ ബാധ്യതകൾ നിറവേറ്റുന്നതിന് ഈ ബാധ്യതകൾക്ക് തത്തുല്യമായ തുകകൾ /തത്തുല്യമായ തുകകൾ ഉൾപ്പെടുന്ന ബാങ്ക് അക്കൗണ്ടുകൾ ബാലൻസ്ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം കാണുന്നില്ല. തനത് ഫണ്ടിനോടൊപ്പം ഗ്രാന്റ് തുകകൾ സൂക്ഷിച്ചിട്ടുള്ള സംഗതികളിൽ ഗ്രാന്റ് തുകയിൽ നിന്നുള്ള ചെലവ് നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഫണ്ടുകൾ വകമാറ്റി ചെലവഴിക്കപ്പെടുന്നതിന് സാധ്യത ഉണ്ട്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ | | ബാലൻസ്ഷീറ്റ് B-17 ഷെഡ്യൂൾ |
|---|---|---|---|
| | ശീർഷകം | തുക | തുക |
| 1. | 320100115-TSC | 1,97,293 | - |
| 2. | 320100121-ICDS | 27,99,144 | - |
| 3. | 320100199-contribution for specific purpose -central government | 1,13,888 | - |
| 4. | 320200307-Grants ,Funds and contributions for specific purpose -other than development fund and state sponser | 2,11,362 | - |
| 5. | 320200309-literacy scheme grant | 57,320 | 1,52,531 |
| 6.. | 320200399-Grants ,Funds and contributions for specific purpose -other than development fund and state sponser | 2,38,031 | - |

| | | | |
|---|---|---|---|
| 7. | 320700205-contribution for joint venture projects(for revenue Expenditure)-from Block panchayath | 9,77,401 | - |
| 8. | 320700404-contribution for joint venture projects(for revenue Expenditure)-from Block panchayath | 2,01,168 | - |

3).ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 loans, advance and deposits പ്രകാരം 31.03.2017ൽ പൂർത്തിയാക്കാൻ അവശേഷിക്കുന്ന Deposit work കൾ ഒന്നും ഇല്ലാത്തതാകുന്നു. എന്നാൽ താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ ഒന്നും 31.03.2017 വരെ യഥാർത്ഥത്തിൽ പൂർത്തീകരിച്ചിട്ടില്ലാത്തതാകുന്നു. വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബില്ല് എന്നിവ ലഭിക്കുന്നതിനു മുമ്പ് തുക നൽകിയപ്പോൾ തന്നെ ചെലവ് ശീർഷകങ്ങളിൽ രേഖപ്പെടുത്തിയതാണ് ഇതിന് കാരണം. ഉദാ-

| ക്രമ നം. | പ്രവർത്തി | ഏജൻസി | തുക | നിർവ്വഹണം |
|---|---|---|---|---|
| 1. | കോരനൊടി പുതുക്കുളം കുടിവെള്ള പദ്ധതി | കേരള വാട്ടർ അതോറിറ്റി | 5,00,000 | അസിസ്റ്റന്റ് എഞ്ചിനീയർ |

4). ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(a)പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ 47,70,687 രൂപ ചേർത്തിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ റിപ്പോർട്ട് പ്രകാരം, 31/3/2017 ൽ ഫൈനൽ ബിൽ നൽകാൻ അവശേഷിക്കുന്നതും എന്നാൽ പാർട്ട് ബിൽ നൽകിയതുമായ പ്രവർത്തികൾ 10,69,830 രൂപയുടേതാണ്.

5)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6)ഡെപ്പോസിറ്റ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, എന്നിവ പൂർത്തീകരിച്ച് വർഷാന്ത്യസംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7)അതാത് സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന തൊഴിൽനികുതി , ഡി&ഒ, എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിൽ മുൻകൂർ കളക്ഷൻ, ഡിമാന്റ്, കളക്ഷൻ, ബാലൻസ്, എന്നിവയുടെ വർഷാന്ത്യ സംക്ഷിപ്തം കൃത്യമായി കണക്കാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മറിച്ച് അക്കൗണ്ടന്റ് തയ്യാറാക്കിയ വാർഷിക കണക്കിലെ വർഷാന്ത്യ തുകകൾ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നതുകൊണ്ട് സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന് യാതൊരു പ്രയോജനവും ലഭിക്കുന്നതല്ല.

8)വസ്തുനികുതിയുടെ ഡിമാന്റ് രജിസ്റ്റർ (“സഞ്ചയ" സോഫ്റ്റ്വെയർ) പ്രകാരമുള്ള തുകകളും

വാർഷികകണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

എ)ഡിമാന്റ് രജിസ്റ്റർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡിമാന്റ് രജിസ്റ്റർ പ്രകാരം | 48,61,887 | 24,13,875 | 22,38,861 |
| വാർഷിക കണക്കുകൾ പ്രകാരം | 49,02,355 (ഷെഡ്യൂൾ *I-1 tax revenue)* | 25,53,095 (ഷെഡ്യൂൾ RP-43Sundry Debtors(Receivables)) | 21,66,304* (ഷെഡ്യൂൾ B-15 Sundry Debtors(Receivables)) *ലൈബ്രറി സെസ്സ് കുറവ് ചെയ്തതിന് ശേഷം. |

ബി)കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡിമാന്റ് രജിസ്റ്റർ പ്രകാരം | 50,85,727 | 16,46,505 | 37,22,837 |
| വാർഷികകണക്കുകൾ പ്രകാരം | 38,08,531(വാർഷിക കണക്കുകൾ,2015-16ഷെഡ്യൂൾ B-15 Sundry Debtors(Receivables)) *ലൈബ്രറി സെസ്സ് കുറവ് ചെയ്തതിന് ശേഷം. | 17,55,470 (ഷെഡ്യൂൾ RP-43Sundry Debtors(Receivables)) | 36,12,293* (ഷെഡ്യൂൾ B-15 Sundry Debtors(Receivables)) *ലൈബ്രറി സെസ്സ് കുറവ് ചെയ്തതിന് ശേഷം. |

ഡിമാന്റ് തുകയിൽ നിന്ന് കളക്ഷൻ തുക കുറവ് ചെയ്യുമ്പോൾ ബാലൻസ് തുക ലഭ്യമാകുന്നില്ല. മാത്രമല്ല മുൻകൂർ തുക തൻവർഷം ക്രമീകരിച്ചത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല.

സി)ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-15 Sundry Debtors(Receivables)) പ്രകാരം തനത് വർഷത്തെയും മുൻവർഷത്തെയും കുടിശ്ശിക ഉൾപ്പെടെ ആകെ വസ്തുനികുതി ലഭിക്കാനുള്ളത് 60,67,527 രൂപയാണ്. (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ). ഇതു പ്രകാരം 2,88,930 രൂപയാണ് ലൈബ്രറി സെസ്സ് കിട്ടാനുണ്ടാകേണ്ടത്. എന്നാൽ ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-15 Sundry Debtors(Receivables)) പ്രകാരം 2,36,978.2 രൂപയാണ് ലൈബ്രറി സെസ്സ് കിട്ടാനുള്ളത് ആയി ചേർത്തിരിക്കുന്നത്. എന്നാൽ

“സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം ലൈബ്രറി സെസ്സ് കിട്ടാനുള്ളത് 3,05,851 രൂപയാണ്.

9).ബാലൻസ്ഷീറ്റ് ,ഷെഡ്യൂൾ B-12 പ്രകാരം സ്ഥിരനിക്ഷേപം ആയുള്ള ഇൻവെസ്റ്റ്മെന്റ് 1,04,24,548 രൂപയാണ്. എന്നാൽ ഭൗതിക പരിശോധനക്ക് ഹാജരാക്കിയ സ്ഥിരനിക്ഷേപങ്ങളുടെ മൂല്യം 1,04,00,816 രൂപയാണ്. 23,732 രൂപയുടെ സ്ഥിരനിക്ഷേപങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

10).ഇന്ത്യൻ ഓവർസീസ് ബാങ്ക് അക്കൗണ്ട് നമ്പർ 021801000010500 -ാം നമ്പർ അക്കൗണ്ട് ബാങ്ക്ബുക്ക് പ്രകാരം 31/3/2017ൽ 1,21,88,873 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഈ അക്കൗണ്ട് പാസ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് 1,22,34,939 രൂപയാണ്. വ്യത്യാസത്തിനുള്ള കാരണങ്ങൾ പരാമർശിച്ചുകൊണ്ട് 31/3/2017 ൽ ബാങ്ക് റീക്കൺസീലിയേഷൻ പത്രിക തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ പരിശോധിക്കപ്പെടേണ്ട വ്യത്യാസങ്ങൾ ചുവടെ ചേർക്കുന്നു.

എ) Directly credited by bank-(ബാങ്ക് നേരിട്ട് വരവ് വച്ചത്).

| തീയ്യതി | തുക |
|---|---|
| 4/6/16 | 1481 |
| 17/2/16 | 2000 |
| 2/3/16 | 3450 |

ഈ തുകകൾ ഏതിനത്തിലുള്ള വരവ് ആണെന്ന് കണ്ടെത്തി രസീത് രേഖപ്പെടുത്തി അക്കൗണ്ടിൽ ക്രമീകരിക്കേണ്ടതാണ്.

ബി)Cheques issued but not presented-(പഞ്ചായത്ത് നൽകിയ ചെക്കുകൾ കക്ഷികൾ നാളിതുവരെ പണമാക്കാത്തത്.)

| തീയ്യതി | ചെക്ക് നമ്പർ | തുക |
|---|---|---|
| 8/6/16 | 214909 | 1821 |
| 14/6/16 | 294118 | 1000 |
| 19/7/16 | 294123 | 2826 |
| 18/10/16 | 294285 | 2000 |
| 4/8/11 | 061039 | 500 |
| 3/2/15 | 436887 | 360 |
| 31/3/15 | - | 9243 |
| 1/9/14 | - | 300 |
| 30/6/14 | 433485 | 500 |
| 6/6/13 | 463329 | 500 |
| 4/8/11 | 061036 | 500 |
| 9/2/16 | 288022 | 1000 |
| 9/2/16 | 288024 | 1000 |
| 9/2/16 | 288027 | 1000 |
| 9/2/16 | 288032 | 1000 |
| 17/12/16 | 294521 | 2000 |

മേൽ ചെക്കുകൾ കാലാഹരണപ്പെട്ടിട്ടുള്ളതാണ്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 , ചട്ടം 46 ന് വിധേയമായി Liability in respect of Stale cheques എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

സി)Directly debited by bank -(ബാങ്ക് നേരിട്ട് അക്കൗണ്ടിൽ നിന്ന് കുറവ് ചെയ്യുത്.)

| തീയ്യതി | വിവരങ്ങൾ | തുക |
|---|---|---|
| 29/2/16 | - | 4000 |
| 30/6/15 | 440663 | 2000 |
| 7/5/15 | 439187 | 76802 |
| 28/10/15 | 441913 | 8775 |

ബാങ്ക് ചാർജ്ജ് അല്ലാതെ ബാങ്ക് നേരിട്ട് വലിയ തുകകൾ ഇപ്രകാരം അക്കൗണ്ടിൽ നിന്നും കുറവ് ചെയ്യുന്നത് അസ്വാഭാവികമാണ്. പഞ്ചായത്ത് നൽകിയിട്ടുള്ള ചെക്കുകൾ ചെലവായി രേഖപ്പെടുത്താൻ വിട്ടുപോയതാണോയെന്ന് പരിശോധിക്കേണ്ടതാണ്. മേൽ പ്രകാരം തുകകൾ കുറവ് ചെയ്യതിന്റെ കാരണം പരിശോധിച്ച് അക്കൗണ്ടിൽ ക്രമീകരിക്കേണ്ടതാണ്. ബാങ്ക് തെറ്റായാണ് തുകകൾ കുറവ് ചെയ്യിട്ടുള്ളതങ്കിൽ ഈ തുകകൾ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

11)വാർഷിക കണക്കുകൾ പ്രകാരം ഇ.എം.എസ് ഭവന വായ്പ പദ്ധതിയുമായി ബന്ധപ്പെട്ട് 5 സഹകരണബാങ്കിലായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നീക്കിയിരിപ്പ് ഇല്ലാത്തതാകുന്നു.

എ)എന്നാൽ ഇവയുടെ പാസ്ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വരന്തരപ്പിള്ളി സർവ്വീസ് സഹകരണ ബാങ്ക് ആർ 450 എസ്.ബി 6094-ാം നമ്പർ അക്കൗണ്ടിൽ 28/1/2009 ൽ 5,50,100 രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. തുടർന്ന് പാസ്ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

ബി)ഇഞ്ചക്കുണ്ട് സർവ്വീസ് സഹകരണ ബാങ്ക് ആർ 197, എസ്.ബി 3688-ാം നമ്പർ അക്കൗണ്ടിൽ 11/5/2009 ൽ 5,00,000 രൂപ നിക്ഷേപിച്ചതിന്റെ ചലാൻ ലഭ്യമാകുകയുണ്ടായി. എന്നാൽ പാസ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ടില്ല.

ഈ അക്കൗണ്ടുകളുടെ പാസ്ബുക്കുകളിൽ ബാങ്കുകളിൽ നിന്നും രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

12)ഓഡിറ്റ് വർഷത്തിൽ കാഷ്ബുക്ക്, ബാങ്ക്ബുക്ക് എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതാകുന്നു. പ്രതിമാസം ബാങ്ക് റീകൺസീലിയേഷൻ നടത്തിയിട്ടില്ലാത്തതുമാകുന്നു. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം4(3),4(4),6(4),58(1),58(2) എന്നിവ പ്രകാരം നിഷ്കർഷിച്ച മേൽ നടപടികൾ സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതുണ്ട്.

13)പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതും ഓഡിറ്റ് ചെയ്യതുമായ 2015-16 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച്, ഓഡിറ്റിന് സമർപ്പിച്ച 2016-17 ലെ വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പ് തുകകളും വ്യത്യാസമുണ്ട്. വ്യത്യാസമുള്ള ബാങ്ക് /ട്രഷറി അക്കൗണ്ടുകളുടെയും ലെഡ്ജർ അക്കൗണ്ടുകളുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.
1) ബാങ്ക് അക്കൗണ്ട്

| ക്രമ | ബാങ്ക് | 2015-16 ലെ | 2016-17ലെ | വ്യത്യാസം |
|---|---|---|---|---|

| നം. | അക്കൗണ്ട് | നീക്കിയിരിപ്പ് | മുന്നിരിപ്പ് | |
|---|---|---|---|---|
| 1. | ഇന്ത്യൻ ഓവർസീസ് ബാങ്ക് | 59,45,195 | 59,43,003 | -2,192 |
| 2. | ട്രഷറി ടി.എസ്.ബി | 1,65,08,620 | 1,65,19,069 | +10,449 |

2) ലെഡ്ജർ അക്കൗണ്ട്

| ക്രമ നം. | ലെഡ്ജർ | 2015-16 ലെ നീക്കിയിരിപ്പ് | 2016-17ലെ മുന്നിരിപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് റീ ടെൻഷൻ | 1,90,280 | 1,98,537 | +8257 |

2015-16 ലെ വാർഷിക കണക്കുകൾ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച്, ഓഡിറ്റ് ചെയ്തതിനു ശേഷം മാറ്റം വരുത്തിയതായി കാണുന്നു.

14)ജീവനക്കാർക്ക് നല്കിയ ഫെസ്റ്റിവൽ അഡ്വാൻസ് -ൽ 31/3/2017 ൽ 25,000 രൂപ തിരികെ ലഭിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിലും ഇത് ബാലൻസ്ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. (ഖണ്ഡിക 3-10)

2016-17 ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളിലെ ഇൻകം&എക്സ്പെന്റീച്ചർ പത്രിക, രസീറ്റ്&പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23092891 |
| വരവ് | 78306220 |
| ആകെ | 101399111 |
| ചെലവ് | 70767584 |
| നീക്കിയിരിപ്പ് | 30631527 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 18935525 | 18935525 | 15199014 | 3736511 | 80.26 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 5447715 | 5447715 | 3965880 | 1481835 | 72.79 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 844902 | 844902 | 792181 | 52721 | 93.76 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18625476 | 18625476 | 10250021 | 8375455 | 55.03 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5102901 | 5102901 | 3112308 | 1990593 | 60.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10618600 | 10618600 | 9718505 | 900095 | 91.52 |
| ലോകബാങ്ക് | 0 | 6851225 | 6851225 | 5363149 | 1488076 | 78.28 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 315 | 92663595 | 178 | 52077895 | 33 | 104 | 56.50 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1833010 | 6714965 | (+)4881955 | 266.33 |
| നികുതിയേതര വരവുകൾ | 15157430 | 2528107 | (-)12629323 | (-)83.32 |
| മറ്റുവരവുകൾ | 25732 | 334572 | (+)308840 | 1200 |

| | | | | |
|---|---|---|---|---|
| ആകെ | 17016172 | 9577644 | (-)7438528 | (-)43.71 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 295920 | 190 |
| കർഷകതൊഴിലാളി പെൻഷൻ | 6749900 | 739 |
| വിധവാപെൻഷൻ | 14266460 | 1537 |
| വാർദ്ധക്യകാലപെൻഷൻ | 35057395 | 3367 |
| വികലാംഗപെൻഷൻ | 3652245 | 433 |
| അവിവാഹിത പെൻഷൻ | 1481360 | 171 |
| വിവാഹധനസഹായം | 450000 | 15 |

# 1-9 ക്യാഷ് വെരിഫിക്കേൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05/12/2016 3-15 pm ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 33783 രൂപ ക്യാഷ്ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1.ക്യാഷ്ബുക്ക്,ബാങ്ക് ബുക്ക് എന്നിവയുടെ ദൈനംദിന പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

2.കെട്ടിടനിർമ്മാണ പെർമിറ്റിന്റെ പകർപ്പ് ഒറ്റത്തവണ നികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകുന്നില്ല.

3.വരവിനങ്ങളുടെ രജിസ്റ്ററുകളുടെയും രേഖകളുടേയും ക്രമപ്രകാരമുള്ള സൂക്ഷിപ്പ് മേൽനോട്ട ച്ചുമതലയുള്ള ഉദ്യോഗസ്ഥരോ സെക്രട്ടറിയോ ഉറപ്പ് വരുത്തുന്നില്ല

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-7-17 – 15-7-17 | 6/2016 | 31-8-2017 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-3-17 – 29-3-17<br>12-4-17 – 17-4-17 | 2011-12 മുതൽ<br>2015-16 വരെ | 29-5-2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

ചട്ടങ്ങളും സർക്കാർ ഉത്തരവുകളും സർക്കുലറുകളും അനുശാസിക്കുന്ന വിധത്തിലും, പ്രവർത്തനങ്ങൾ ക്രമപ്രകാരം നടപ്പിലാക്കുന്നതു ഉറപ്പ് വരുത്തുന്നതിനുതകുന്ന രീതിയിലും പഞ്ചായത്തിലെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 , ചട്ടം 5(1) പ്രകാരം അക്കൗണ്ടന്റ് കാഷ്ബുക്ക് തയ്യാറാക്കേണ്ടതും 5(4) പ്രകാരം സെക്രട്ടറി കാഷ്ബാലൻസ് പരിശോധിച്ച് കാഷ്ബുക്കിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്. ഇതിന് പുറമേ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 ചട്ടം 6(1) ,6(5) എന്നിവ പ്രകാരം അക്കൗണ്ടന്റ് ബാങ്ക്ബുക്ക്, പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക എന്നിവ തയ്യാറാക്കേണ്ടതുണ്ട്. ചട്ടം 6 നുള്ള കുറിപ്പ് ആയി കാഷ്ബുക്ക്/ബാങ്ക്ബുക്ക് എന്നിവയുടെ ദൈനംദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണമെന്ന് നിർദ്ദേശമുള്ളതുമാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടന്റ് കാഷ്ബുക്ക്, ബാങ്ക്ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് പരിശോധനയ്ക്ക് വിധേയമാക്കിസൂക്ഷിച്ചിട്ടില്ല. പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ തയ്യാറാക്കി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ചട്ടപ്രകാരമുള്ള മേൽനടപടികൾ ഉറപ്പ് വരുത്തുന്നതിന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരോ സെക്രട്ടറിയോ നടപടി സ്വീകരിച്ചിട്ടില്ല.

2)നമ്പർ80/ആർ.ഡി.1/16/ത.സ്വ.ഭ.വ തീയ്യതി 9/9/2016 സർക്കുലർ പ്രകാരം പഞ്ചായത്ത് കെട്ടിടനിർമാണ പെർമിറ്റ് നല്കുമ്പോൾ ആയതിന്റെ ഒരു പകർപ്പ് ഒറ്റത്തവണ നികുതി നിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട റവന്യൂ അധികാരികൾക്ക് നൽകണമെന്ന് നിർദ്ദേശമുള്ളതാണ്. എന്നാൽ ഈ നിർദ്ദേശം പഞ്ചായത്തിൽ പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് കാണുന്നില്ല.

3)വരവിനങ്ങളുടെ രജിസ്റ്ററുകളുടെയും രേഖകളുടെയും ക്രമപ്രകാരമുള്ള സൂക്ഷിപ്പ് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരോ സെക്രട്ടറിയോ ഉറപ്പ് വരുത്തുന്നില്ല.(ഖണ്ഡിക 2-6,ഖണ്ഡിക 1-3(6),ഖണ്ഡിക1-3(7),ഖണ്ഡിക1-3(8))

4)പ്രത്യേകം നിർദ്ദേശം ആവശ്യമായ ഫയലുകളിൽ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരോ, സെക്രട്ടറിയോ ബന്ധപ്പെട്ട ചട്ടങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രേഖപ്പെടുത്തുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഉദാഹരണത്തിന്, സസ്പെൻഷനിലായ ജീവനക്കാരിക്ക് നൽകിവരുന്ന ഉപജീവനബത്തയിൽ നിന്നും കെ.എസ്.ആർ ചട്ടം 55 കുറിപ്പ് 2(എ)(iii) ന് അനുസൃതമായി ഫെസ്റ്റിവൽ അഡ്വാൻസ് തിരിച്ചടവ് തുക നിർബന്ധിതമായി തിരിച്ച് ഈടാക്കിയില്ല. മറിച്ച് ജീവനക്കാരി രേഖാമൂലം ആവശ്യപ്പെട്ട ശമ്പള റിക്കവറികൾ മാത്രം ഉപജീവനബത്തയിൽ

നിന്നും കുറവ് ചെയ്ത നൽകി.(ഖണ്ഡിക 3-10 )

5).ഇൻവെസ്റ്റ്മെന്റുകളുടെ ഭൗതിക പരിശോധന നടത്തുന്നില്ല.(ഖണ്ഡിക 1-3(9))

6)2015-16 ലെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ച്, ഓഡിറ്റ് നടത്തിയ ശേഷം അനധികൃതമായി മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇപ്രകാരം വ്യത്യാസം വരുത്തിയതിന്റെ കാരണം വ്യക്തമാക്കുന്നതിനോ, വ്യത്യാസം വരുത്തിയതിന്റെ ഉത്തരവാദിത്വം നിർണയിച്ച് മറുപടി ലഭ്യമാക്കുന്നതിനോ സാധിച്ചിട്ടില്ലാത്തതാകുന്നു. ആഭ്യന്തരനിയന്ത്രണം വളരെ ദുർബലമാണെന്ന് ഇതിൽ നിന്നും വ്യക്തമാണ്.(ഖണ്ഡിക -1-3(13))

കാര്യക്ഷമമായും ഫലപ്രദമായും ആഭ്യന്തരനിയന്ത്രണ സംവിധാനം മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുണ്ട്. പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 2-2 ക്വാറി ലൈസൻസ് നൽകുന്നതിലെ അപാകതകൾ

2016-17 ലെ കരിങ്കൽ ഖനനത്തിനു ലൈസൻസ് അനുവദിച്ച താഴെ നൽകിയിട്ടുള്ള അപേക്ഷകൾ പരിശോധിച്ചതിൽ കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി, എക്സ്പ്ലോസീവ് ലൈസൻസിന്റെ കാലാവധി തുടങ്ങിയവ സാമ്പത്തിക വർഷത്തിന്റെ ഇടയിൽ അവസാനിക്കുന്നു. കാലാവധിയുള്ള നിരാക്ഷേപ പത്രങ്ങൾ ഹാജരാക്കി തുടർന്നുള്ള മാസങ്ങളിലേക്ക് ലൈസൻസ് അനുവദിച്ചതായോ, ഈ കാലയളവിൽ ക്വാറികൾ അനധികൃതമായി പ്രവർത്തിക്കുന്നതു തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

| ക്രമ നം. | അപേക്ഷകന്റെ/ സ്ഥാപനത്തിന്റെ പേര് | കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി അവസാനിക്കുന്ന തിയതി | സ്ഫോടക വസ്തുക്കൾ ഉപയോഗിക്കുന്നതിനുള്ള അനുമതി അവസാനിക്കുന്ന തീയതി | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ അനുമതി (ലെറ്റർ ഓഫ് ഇന്റന്റിന്റെ തിയതി) അവസാനിക്കുന്ന തിയ്യതി | സർവേ നമ്പർ/വിസ്തീർണ്ണം (പൊസഷൻ സർട്ടിഫിക്കറ്റ് പ്രകാരം) |
|---|---|---|---|---|---|
| 1 | അൽഫോൺസ, കുണ്ടുപറമ്പിൽ | - | 17-02-17 | 03.12.16 | 859/3 0.9010 ഹെക്ടർ |
| 2 | പി.പി.പോൾ, റോക്ക് ഫീൽഡ് എസ്റ്റേറ്റ് | 30-11-2016 | 31-03-2017 | 30-11-2015 | 843/1 0.1538ഹെക്ടർ |

## 2-3 ഡി ആന്റ് ഒ ലൈസൻസ് അധികഫീസ് ഈടാക്കിയില്ല

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ പി.പി പോൾ എന്നയാളുടെ ഉടമസ്ഥതയിൽ റോക്ക് ഫീൽഡ് എസ്റ്റേറ്റ് എന്ന പേരിൽ പ്രവർത്തിക്കുന്ന ക്വാറിയുടെ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കുന്നത് 5-5-2016 തിയതിയിലാണ്. 1996ലെ കേരള പഞ്ചായത്ത് രാജ് ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം താമസിച്ച സമർപ്പിക്കുന്ന അപേക്ഷകളിൽ പട്ടിക അനുസരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25ശതമാനം അധിക ഫീസ് ചുമത്താവുന്നതാണ്. എന്നാൽ മേൽ പറഞ്ഞ അപേക്ഷയിൽ ലൈസൻസ് ഫീസ് താഴെ പറയും പ്രകാരമാണ് ഈടാക്കിയിരിക്കുന്നത്.

| ലൈസൻസ് ഫീസ് | മെഷീൻ ഫീ |
|---|---|
| 1200 | 500 |

അധിക ഫീസ് 300 രൂപ അടവാക്കിയതായി കാണുന്നില്ല.

## 2-4 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല

വരന്തരപ്പിള്ളി പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ ഡി&ഒ ലൈസൻസ് ഫീ ഡിമാന്റ് കൃത്യമാണെന്ന് ഉറപ്പാക്കാനാകുന്നില്ല. ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 രജിസ്ട്രേഷൻ ഇല്ലാതെ സ്വകാര്യ ആശുപത്രി പ്രവർത്തിക്കുന്നു.

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വേലുപ്പാടത്ത് 'സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ' എന്ന പേരിൽ സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങൾ,ചട്ടം 8 പ്രകാരം ചട്ടത്തിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദ് ചെയ്തതിനു ശേഷവും തുടർന്നോ, ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറ് രൂപ വരെ ആകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇതുവരെ തുടർനടപടികൾ സ്വീകരിച്ചു കാണുന്നില്ല. സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-6 വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളുടെ അപാകതകൾ

- സ്ഥാപനങ്ങളുടെ തൊഴിൽ നികുതി പ്രത്യേകം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.
- ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് രജിസ്റ്ററും ഫയലും പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുന്നില്ല.
- ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
- ലേലവുമായി ബന്ധപ്പെട്ട രജിസ്റ്ററും ഫയലുകളും സൂക്ഷിക്കുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നടത്തിപ്പ് - മാർഗ്ഗരേഖക്കുവിരുദ്ധമായ ആസൂത്രണവും നിർവ്വഹണവും

2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട മേഖലകളിൽ എല്ലാവർക്കും വൈദ്യുതിയും തെരുവുവിളക്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. പങ്കാളിത്ത ആസൂത്രണത്തിലൂടെ സമഗ്ര വികസനമായിരിക്കണം പൊതു സമീപനമെന്നും വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നത് വികസന ആസൂത്രണമല്ലെന്നും ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തെ മൊത്തത്തിൽ ഒരു ആസൂത്രണ യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പരിപാടികളാണ് ഓരോ മേഖലയും തയ്യാറാക്കേണ്ടതെന്നും മാർഗ്ഗരേഖ നിഷ്കർഷിക്കുന്നു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും(sо 428/17 – അടങ്കൽ തുക 16 ലക്ഷം), 13,17,21 വാർഡുകളിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ(sо 482/17– അടങ്കൽ തുക 4.5 ലക്ഷം) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഒരേ സ്വഭാവമുള്ള മേൽ പദ്ധതികൾ വ്യത്യസ്ത പദ്ധതികളായി നടപ്പാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9), പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം 16 ലക്ഷം രൂപ വകയിരുത്തി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങിയാലും വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുമ്പോൾ ആവശ്യത്തിനുള്ള വെളിച്ചം ലഭിക്കില്ല എന്ന അവസ്ഥ വരികയും നടപ്പാക്കാനാകാത്ത ചില പദ്ധതികളുടെ റിവിഷനിലൂടെ ലഭിച്ച പൊതുവിഭാഗം വികസനഫണ്ട് ഉപയോഗിച്ച് 13,17,21 വാർഡുകളിലേക്ക് LED ബൾബുകൾ വാങ്ങി സ്ഥാപിക്കാൻ തീരുമാനിക്കുകയായിരുന്നുവെന്ന് മറുപടി നൽകിയിട്ടുണ്ട്.

മറുപടിയിൽനിന്നുതന്നെ മാർഗ്ഗരേഖക്ക് വിരുദ്ധമായാണ് പദ്ധതി ആസൂത്രണം ചെയ്തതെന്ന് കാണുന്നു. മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിനു വിപരീതമായി വാർഡ് അടിസ്ഥാനത്തിൽ വീതം വയ്ക്കുകയും പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യം കാണുകയും ചെയ്യാത്ത ആസൂത്രണമാണ് നടന്നതെന്ന് കാണുന്നു. കൂടാതെ രണ്ട് പദ്ധതികളും കൂട്ടിചേർത്ത് ടെണ്ടർ ക്ഷണിക്കുമ്പോൾ ലഭിക്കുമായിരുന്ന മത്സരക്ഷമത നഷ്ടപ്പെടുത്തുകയും ചെയ്തു.

മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായും പഞ്ചായത്തിന്റെ വിശാല താൽപര്യം മുന്നിൽകണ്ടുകൊണ്ടുമുള്ള സമഗ്രത പദ്ധതികൾക്കുണ്ടാവാൻ ഉദ്യോഗസ്ഥ-രാഷ്ട്രീയ നേതൃത്വം പരിശ്രമിക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ - മാസങ്ങൾക്കുശേഷവും സ്ഥാപിച്ചിട്ടില്ല.

ട്രഷറി ബിൽ 53/16-17 തീ.30.03.17 Rs.3,00,000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 'പഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ, ടി.വി.സെറ്റ് എന്നിവ വാങ്ങൽ' (sо 414/17) എന്ന പദ്ധതിയിൽ ജനറേറ്റർ വാങ്ങുന്നതിനായി 3 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകതകൾ താഴെ ചേർക്കുന്നു;

1.വിതരണത്തോടൊപ്പം അത് സ്ഥാപിക്കുന്നതിനുള്ള വ്യവസ്ഥകൾ ടെണ്ടർ പരസ്യത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ 5 മാസങ്ങൾക്കുശേഷവും ഓഡിറ്റ് തീയ്യതിയിൽ ജനറേറ്റർ പ്രവർത്തനക്ഷമമായിട്ടുള്ളതായി കാണുന്നില്ല.

2.08.11.2010 ലെ G.O.(P)No.259/2010/LSGD പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാനുവൽ ഖ.2.2 പ്രകാരമുള്ള procurement cycle നിഷ്കർഷിക്കുന്ന തരത്തിലുള്ള നടപടികൾ കൂടാതെയാണ് ജനറേറ്റർ വാങ്ങിയിട്ടുള്ളതെന്ന് ഫയൽ പരിശോധിച്ചതിൽനിന്നും കാണുന്നു. പഞ്ചായത്തിന്റെ ആവശ്യകത നിർണ്ണയിച്ച് അതിനനുസരിച്ച് ശേഷിയുള്ള ജനറേറ്റർ വിതരണം ചെയ്യുന്നതിനുള്ള ദർഘാസുകളാണ് ക്ഷണിക്കേണ്ടതെന്നിരിക്കെ അത്തരത്തിൽ ചെയ്തു കാണുന്നില്ല.

3.ടെണ്ടർ പരസ്യത്തിൽ ഗുണനിലവാരം നിഷ്കർച്ചിട്ടില്ല. ഉദാ:- ISI പോലുള്ള നിലവാര നിഷ്കർഷകൾ.

4.ഫയൽ പരിശോധിച്ചതിൽനിന്നും, സെക്രട്ടറിയുടെ 15.03.17-ലെ A3-6043 നം. കത്ത് പ്രകാരം കരാർ വെക്കേണ്ടതാണെന്ന് സ്ഥാപനത്തിനെ അറിയിച്ചിരുന്നുവെങ്കിലും ഫയലിൽകാണുന്ന മുദ്രപത്രം ശൂന്യമാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതുവരേക്ക് ചെലവു തുക 3 ലക്ഷം രൂപ തടസ്സത്തിൽവെക്കുന്നു.

## 3-3 കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നം. S0 292 /2017

തുക 625000

ബിൽ നം. 1/14-3-2017

2016-17 ൽ നടപ്പിലാക്കിയ കന്നുകുട്ടിപരിപാലന പദ്ധതിയിൽ 50 ഗുണഭോക്താക്കളെയാണ് ഉൾപ്പെടുത്തിയിരുന്നത്. കന്നുകുട്ടിപരിപാലന പദ്ധതിയിലെ നന്തിപുലം ക്ഷീരോല്പാദക സഹകരണ സംഘം, വേലുപ്പാടം ക്ഷീരോല്പാദക സഹകരണ സംഘം എന്നിവയുടെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ ലത ഗോപി, യൂസഫ് പിച്ചൻ എന്നീ ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നത് നിർത്തി വച്ചിരിക്കുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയത് പ്രകാരം മേൽ ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ മരണപ്പെട്ടതുമൂലമാണ് കാലിത്തീറ്റ വാങ്ങുന്നത് നിർത്തിവെച്ചിരിക്കുന്നത്. പ്രസ്തുത വിവരം കന്നുകുട്ടി പരിപാലന ഓഫീസിലേയ്ക്ക് അറിയിക്കുകയും കൂടാതെ കന്നുകുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് സഹിതം നഷ്ടപരിഹാരത്തിനുള്ള അപേക്ഷ പ്രസ്തുത ഓഫീസിലേയ്ക്ക് നല്കിയിട്ടുമുണ്ട്.
മേൽ ഗുണഭോക്താക്കൾ പദ്ധതിയിൽ തുടരാത്ത സാഹചര്യത്തിൽ പദ്ധതി തീരുന്ന മുറയ്ക്ക് ബാക്കി വരുന്ന പഞ്ചായത്ത് വിഹിതം തിരിച്ച് പഞ്ചായത്തിൽ തന്നെ അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പൊതുടാപ്പ്-സംയുക്ത പരിശോധന നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി ഇരിങ്ങാലക്കുട ഹെൽത്ത് ഡിവിഷന്റെ 3/2016ലെ A5 2633/2006 dt. 6/4/2016 ഡിമാന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 622 പൊതുടാപ്പുകളാണ് ഉള്ളത്. പ്രതിമാസം 272125 രൂപ വാട്ടർചാർജ്ജ് ഇനത്തിൽ അടവാക്കി വരുന്നുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി നല്കിയത് പ്രകാരം 2013-14 വർഷത്തിൽ സംയുക്ത പരിശോധന നടത്തിയിരുന്നുവെങ്കിലും പരിശോധന പൂർണ്ണമാവുകയോ റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടില്ല. ഇപ്പോൾ പരിശോധനക്കായി കത്ത് നല്കിയിയിട്ടുമില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 41 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 25അംഗൻവാടികളാണ് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. 8 അംഗൻവാടികൾ വാടക കെട്ടിടത്തിലും 8 അംഗൻവാടികൾ പൊതുകെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. 16-1-2014 ലെ ഗവ. സർക്കുലർ നം. 62671/24/3/02/റവന്യൂ പ്രകാരം റവന്യൂ ഭൂമി ലഭ്യമാണെങ്കിൽ അംഗൻവാടി കെട്ടിടത്തിനാവശ്യമായ ഭൂമി വ്യവസ്ഥകൾക്ക് വിധേയമായി സൗജന്യമായി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് അംഗൻവാടി കെട്ടിടത്തിനായി ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തേണ്ടതാണ്.

വൈദ്യുതീകരിച്ച 40 അഗൻവാടികളും വാട്ടർകണക്ഷൻ ഉള്ള 21 അംഗൻവാടികളുമാണുള്ളത്. 21 അംഗൻവാടികൾക്ക് ചുറ്റുമതിലുണ്ട്. എല്ലാ അംഗൻവാടികൾക്കും LPG കണക്ഷൻ ലഭ്യമായിട്ടുണ്ട്.

ആവശ്യങ്ങൾ മുൻഗണന നിശ്ചയിച്ച് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വികരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 അനിമൽ ബർത്ത്കൺട്രോൾ പ്രോഗ്രാം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പദ്ധതി നം S0294/2017

അടങ്കൽ 100000

ചെലവ് 100000(ബിൽ നം 2/14-3-2017)

തനത്ഫണ്ടിൽ നിന്നും വകയിരുത്തിയ 2015-16 സാമ്പത്തിക വർഷത്തിൽ അനിമൽ ബർത്ത്കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനായി ജില്ലാപഞ്ചായത്ത് സെക്രട്ടറി, തൃശ്ശൂർ ന് 100000രൂപ 16/3/2017 ൽ കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിൻെറ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി പ്രകാരം ധനവിനിയോഗസാക്ഷ്യപത്രത്തിനുള്ള അപേക്ഷ ജില്ലാപഞ്ചായത്ത് ഓഫീസിലേയ്ക്ക് അയച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ്.
ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 ജില്ലാ പഞ്ചായത്ത് വിഹിതം ചെലവഴിക്കേണ്ടതാണ്.

ഗാലസ- സമഗ്ര നെൽകൃഷി വികസന പദ്ധതി

| ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|
| പ്ലാൻഫണ്ട് | 116533 | 116533 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 133100 | 133100 |
| തനത്ഫണ്ട് | 110367 | 67047 |
| ബ്ലോക്ക് പഞ്ചായത്ത് | 1339820 | - |
| മറ്റുള്ളവ | 814180 | - |
| ആകെ | 2514000 | 316680 |

മേൽ പദ്ധതിയ്ക്ക് അനുവദിച്ച ജില്ലാപഞ്ചായത്ത് വിഹിതം സാമ്പത്തിക വർഷാവസാനമാണ് ലഭ്യമായിട്ടുള്ളത്. ആയതിനാൽ ഈ സാമ്പത്തിക വർഷത്തിൽ തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി പ്രകാരം വരന്തരപ്പിള്ളി പഞ്ചായത്തിലെ കൃഷിഭവൻ പരിധിയിലെ 423 നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡിയായി ജില്ലാ പഞ്ചായത്ത് വിഹിതമായി 316680/- രൂപ 22-6-2017-ാം തിയ്യതി ഗ്രാമപഞ്ചായത്തിൽ നിന്നും കൃഷിഭവന്റെ special TSB അക്കൗണ്ടിലേയ്ക്ക് ചെക്ക് ലഭിക്കുകയുണ്ടായി. ട്രഷറി ബിൽ അല്ലാത്തതിനാൽ ട്രഷറിയിൽ നിന്നും ഇ പെയ്മെന്റ് ചെയ്യാൻ സാങ്കേതിക തടസ്സം ഉള്ളതായി അധികൃതർ അറിയിച്ചു.

കർഷകർക്ക് 20 ഓളം ബാങ്കുകളിലായാണ് അക്കൗണ്ട് ഉള്ളത് . ടി ബാങ്കുകളിലേയ്ക്ക് ഡിഡി എടുത്ത് ഗുണഭോക്തൃലിസ്റ്റ് സഹിതം നല്കി. എന്നാൽ ബാങ്കുകൾ ഇവ സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ കൃഷിഭവന്റെ നന്തിപുലം സൊസൈറ്റിയിലുള്ള CD-4 എന്ന അക്കൗണ്ടിൽ നിന്നും ഓരോ കർഷകർക്കും individual cheque കൾ നല്കി രശീതി വാങ്ങി വരികയാണ്. സർക്കാർ നിർദ്ദേശപ്രകാരം കൃഷിഭവന് e-payment സംവിധാനമുള്ള Nationalised /Scheduled bank കളിൽ അക്കൗണ്ട് എടുക്കാൻ നിർവ്വാഹമില്ല. ആയതിനാൽ Fund transfer വളരെ വൈകുന്നു.

ഈ സാഹര്യത്തിൽ നിലവിലെ 8 പാടശേഖരങ്ങളിലെ 423 കർഷകർക്കും individual cheque കൾ എഴുതി നല്കുകയേ നിവർത്തിയുള്ളൂ. ഈ പ്രവർത്തനത്തിന് കാലതാമസം നേരിടുന്നു. സൊസൈറ്റികളിൽ നിന്നും cheque-bookകൾ മുഴുവനും ലഭ്യമായിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് cheque കൾ എഴുതി തുക വിതരണം ചെയ്യുന്നതുമാണ് എന്ന് മറുപടി ലഭ്യമാക്കിയിരിക്കുന്നു.

ജില്ലാപഞ്ചായത്ത് വിഹിതം വിതരണം ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1)പി എച്ച്സിയിലേയ്ക്ക് മരുന്നവാങ്ങൽ

പ്രൊജക്റ്റ് നമ്പർ S0 235/2017

അടങ്കൽ 250000

ചെലവ് 250000

ബിൽ നമ്പർ 10/തിയ്യതി 17-2-2017 80000

ബിൽ നമ്പർ 13 /തിയ്യതി 17-3-2017 170000

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വരന്തരപ്പിള്ളി

2016-17 സാമ്പത്തിക വർഷത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പി എച്ച്സിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 250000 രൂപ ചെലവഴിച്ചതിൽ 80000 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്. 17-3-2017 ന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുള്ള 1,70,000 രൂപയ്ക്കുള്ള മരുന്നുകൾ നാളിതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ല.

2)2016-17 വർഷത്തിൽ നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയും മരുന്നുകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിനായി 30-3-2017 ന് 158757 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)<u>ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ</u>

പ്രൊജക്ട് നമ്പർ S0241/2017

അടങ്കൽ 199901

ചെലവ് 199901

ബിൽ നമ്പർ 5/ തിയ്യതി 29-12-2017-125000

ബിൽ നമ്പർ 12/ തിയ്യതി 17-3-2017- 74901
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, വരന്തരപ്പിള്ളി

2016-17 സാമ്പത്തിക വർഷത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ന് പി എഫ് 785തിയ്യതി 22-12-2016 ഇൻവോയ്സ് പ്രകാരം 125000 രൂപയും (DD no. 3272662/29-12-2016) 17-3-2017ന് 74901 രൂപയും നല്കിയിട്ടുണ്ട് . എന്നാൽ നാളിതുവരെയായിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 <u>ഫെസ്റ്റിവൽ അഡ്വാൻസ് - മുൻകൂർ തിരികെ ഈടാക്കിയില്ല</u>

അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിരിക്കുന്ന ജീവനക്കാർക്ക് 2016-17 ൽ നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് 31/3/2017 ൽ തിരികെ ഈടാക്കാൻ ബാക്കിയുണ്ട്.

| ക്രമ നം. | ഉദ്യോഗസ്ഥൻ | തസ്തിക | തുക |
|---|---|---|---|
| 1 | ശ്രീ.നൗഷത്ത് പി എ | ക്ലർക്ക് | 10,000 |
| 2 | കുമാരി .സ്മിത യു.കെ | സീനിയർ ക്ലർക്ക് | 15,000 |
| ആകെ | | | 25,000 |

എ)ഇതിൽ ശ്രീ.നൗഷത്ത് പി എ, ക്ലർക്ക്, സ്ഥലം മാറിപ്പോവുകയും, തുടർന്ന് രസീത് നമ്പർ 117010400001 തീ.03/4/2017 പ്രകാരം മുൻകൂർതുക ഈടാക്കുകയും ചെയ്തു.

ബി)കുമാരി. സ്മിത യു.കെ, സീനിയർ ക്ലർക്ക് 7/10/2016 മുതൽ ജോലിയിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ടു. സസ്പെൻഷൻ കാലയളവിൽ നൽകുന്ന ഉപജീവനബത്തയിൽ നിന്ന് കെ.എസ്.ആർ ചട്ടം 55 കുറിപ്പ് 2(എ)(iii) ന് അനുസൃതമായി മുൻകൂർ തിരിച്ചടവ് തുക നിർബന്ധിതമായി തിരിച്ച് പിടിക്കാവുന്നതാണ്. എന്നാൽ കുമാരി. സ്മിത യു.കെ യ്ക്ക് നല്കിയ ഉപജീവനബത്തയിൽ നിന്നും മേൽ ചട്ടത്തിനും സർക്കാർ ഉത്തരവ് 129/2016/ധനം തീ 1/9/2016 നം കേരള ഫിനാൻഷ്യൽ കോഡ് 250(3)നം വിധേയമായി ഒക്ടോബർ മാസം മുതൽ റിക്കവറി നടത്തി മുൻകൂർ തുക തിരികെ ഈടാക്കിയില്ല.

കുമാരി.സ്മിത യു.കെ, സീനിയർ ക്ലർക്ക് ൽ നിന്നും ഫെസ്റ്റിവൽ മുൻകൂർ തുക തിരികെ ലഭിക്കാനുള്ളത് ഉപജീവനബത്തയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-10 അസിസ്റ്റന്റ് എഞ്ചിനീയർ -പദ്ധതികളുടെ അവലോകനം.

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും, 1 അസിസ്റ്റന്റ് എഞ്ചിനീയർ, 2ഓവർസീയർ (1 താത്കാലികം), 1 ക്ലർക്ക് എന്നിവരുടെ സേവനമാണ് 2016-17 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന് ലഭ്യമായത്. പദ്ധതി നിർവ്വഹണ ചുമതലകൾക്കു പുറമെ ബിൽഡിങ്ങ് പെർമിറ്റ് ഉൾപ്പെടെയുള്ള ഉത്തരവാദിത്തങ്ങൾ എൽ.എസ്.ജി.ഡി സെക്ഷനു നിറവേറ്റേണ്ടതുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 199 പ്രോജക്ടുകളാണ് അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്തത്. ഇതിൽ 121 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 121 പ്രോജക്ടുകളുടെ ടെണ്ടർ പ്രക്രിയ, (സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിലെ ടെണ്ടർ പ്രക്രിയ കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ പൂർത്തികരിച്ചിട്ടുണ്ടായിരുന്നു എന്നത് പരിഗണിച്ചാൽ തന്നെയും ) മേൽനോട്ടം, അളവെടുക്കൽ, ബിൽ തയ്യാറാക്കൽ ചെക്ക് മെഷർ ചെയ്യൽ, ബില്ലിന്റെ പരിശോധന പൂർത്തീകരിച്ച്, എൽ.എസ്.ജി.ഡി സബ്ഡിവിഷൻ ഓഫീസിൽ നിന്നും ലഭ്യമാക്കൽ എന്നിവ പരിമിതമായ എണ്ണം സാങ്കേതിക/ക്ലറിക്കൽ ജീവനക്കാരുടെ സേവനം ഉപയോഗിച്ച് സാധിച്ചതായി കാണുന്നു. സാമ്പത്തിക വർഷത്തെ പ്രവർത്തിദിനങ്ങൾക്കുള്ളിൽ കാര്യക്ഷമമായ മേൽനോട്ടം, അളവെടുക്കൽ എന്നിവയുടെ അഭാവത്തിലാണോ ഇത് സാധ്യമായത് എന്ന് പരിശോധിക്കപ്പെടേണ്ടതുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ 2016-17 ലെ പദ്ധതികളുടെ അവലോകനം ചുവടെ ചേർക്കുന്നു.

എ)പ്രോജക്ടുകൾ

| | സ്പിൽ ഓവർ പ്രോജക്ടുകൾ | പുതിയ പ്രോജക്ടുകൾ | ആകെ |
|---|---|---|---|
| നടപ്പാക്കിയത് | 52 | 69 | 121 |
| നടപ്പാക്കാത്തത് | 7 | 71 | 78 |
| ആകെ | 59 | 140 | 199 |

4.34 കോടി അടങ്കൽ തുകയുടെ പദ്ധതി തയ്യാറാക്കുകയും 2.16 കോടി രൂപ ചെലവ് ചെയ്യുകയും ചെയ്തു.

ബി)ടെണ്ടർ നടപടിക്രമങ്ങൾ (റീ ടെണ്ടർ ഉൾപ്പെടെ)

| മാസം | ടെണ്ടറുകളുടെ എണ്ണം (റീ ടെണ്ടർ ഉൾപ്പെടെ) |
|---|---|
| 11/2016 | 1 |
| 12/2016 | 37 |
| 01/2017 | 125 |
| 02/2017 | 19 |
| 03/2017 | 22 |
| ആകെ | 204 |

സി)ബിൽ സമർപ്പിച്ചതിന്റെ വിവരങ്ങൾ

| മാസം | സമർപ്പിച്ച ബില്ലുകളുടെ എണ്ണം |
|---|---|
| 12/2016 | 12 |
| 01/2017 | 6 |
| 02/2017 | 5 |
| 03/2017 | 92 |
| ആകെ | 115 |

നിഗമനങ്ങൾ

1)പുതിയ 140 പ്രോജക്ടുകളുടെ ടെണ്ടർ, റീ ടെണ്ടർ നടപടികൾ ആരംഭിച്ചത് സാമ്പത്തിക വർഷത്തിന്റെ അവസാനപാദത്തിൽ മാത്രമാണ്. 3/2017 ൽ പോലും 22 ടെണ്ടറുകൾ ക്ഷണിക്കുകയുണ്ടായി. പുതിയ 140 പ്രോജക്ടുകളിൽ നടപ്പാക്കിയതും, തുക നൽകിയതുമായ 69 എണ്ണം അവസാന മൂന്ന് മാസം കൊണ്ട് പരസ്യം ഉൾപ്പെടെയുള്ള ടെണ്ടർ (റീ ടെണ്ടർ) നടപടികൾ പൂർത്തിയാക്കി, സെലക്ഷൻ നടത്തി, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ശേഷം, കരാറിലേർപ്പെട്ട്, സൈറ്റ് കൈമാറ്റം ചെയ്ത്, പ്രവർത്തി പൂർത്തീകരിച്ച്, മെഷർമെന്റും ചെക്ക് മെഷർമെന്റും ബില്ല് തയ്യാറാക്കലും ബില്ലിന്റെ പരിശോധനയും പൂർത്തിയാക്കി ബില്ല് നൽകിയിട്ടുണ്ട്.

ഇപ്രകാരം 69 പ്രവൃത്തികൾ നടത്താൻ അവസാന പാദത്തിൽ ലഭ്യമായ പരമാവധി പ്രവർത്തി ദിവസങ്ങൾ 70 മാത്രമായിരുന്നു. ഓരോ വർക്കുകളുടെയും മേൽനോട്ടം, മെഷർമെന്റ് , ചെക്ക് മെഷർമെന്റ് എന്നിവ ഗുണപരമായി നിർവ്വഹിച്ചിട്ടില്ല എന്ന് വ്യക്തമാണ്.

2) 59സ്പിൽ ഓവർ പ്രോജക്ടുകളിൽ നടപ്പാക്കിയ 52 പ്രോജക്ടുകളുടെ ഉൾപ്പെടെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ചത് 12/2016 മുതലാണ്. 03/2017 ൽ 92 ബില്ലുകളാണ് ട്രഷറിയിൽ സമർപ്പിച്ച് പണമാക്കി മാറ്റിയത്. സ്പിൽ ഓവർ പ്രോജക്ടുകളുടെ ഉൾപ്പെടെ ചെലവ് നിർവ്വഹണം സാമ്പത്തിക വർഷാവസാനത്തേയ്ക്ക് നീട്ടിവയ്ക്കപ്പെടുന്നുണ്ട് എന്ന് വ്യക്തമാകുന്നു.

കാര്യക്ഷമമായും ഗുണപരമായും പ്രായോഗിമായും നടപ്പാക്കാൻ കഴിയുന്ന രീതിയിൽ പഞ്ചായത്തിലെ മരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തുന്നതിനും, പ്രോജക്ടുകളുടെ ചെലവ് സാമ്പത്തിക വർഷാവസാനത്തേയ്ക്ക് മാറ്റിവയ്ക്കുന്ന പ്രവണത ഒഴിവാക്കുന്നതിനുമുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## **3-11** ആപൽക്കരങ്ങളായ മരങ്ങൾ വെട്ടിമാറ്റൽ (SO 413/17)- സ്പിൽഓവർ ആയ വർഷവും നടപ്പിലാക്കിയില്ല.

2015-16ൽ വിഭാവനം ചെയ്യുകയും നടപ്പാക്കാതിരിക്കുകയും ചെയ്ത മേൽ പദ്ധതി, തനത്ഫണ്ടിൽനിന്നും 2 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച് 2016-17 ലും നടപ്പാക്കുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ സാമ്പത്തികവർഷത്തിലും പദ്ധതിക്കുവേണ്ടി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ആപൽക്കരങ്ങളായ മരങ്ങൾ വെട്ടിമാറ്റുന്നതിനായി രണ്ട് വർഷങ്ങളിലും പദ്ധതി രൂപീകരിക്കുകയും എന്നാൽ നടപ്പാക്കാതിരിക്കുകയും ചെയ്തത് പദ്ധതികൾ ദീർഘവീക്ഷണത്തോടെ രൂപീകരിക്കുകയും അതിനനുസൃതമായി ഫലപ്രദമായ നടപടികളെടുക്കേണ്ടതിന്റെയും ആവശ്യകത കൂടുതൽ ഉറപ്പിക്കുന്നുണ്ട്. മുറിച്ചുമാറ്റേണ്ട മരങ്ങളുടെ അവസ്ഥ യഥാർത്ഥത്തിൽ ആപൽക്കരമായിരുന്നുവെങ്കിൽ അത് ചെയ്യാത്തത് അധികൃതരുടെ അനവധാനതയാണ് വെളിവാക്കുന്നത്.

കൂടാതെ 2016-17 വർഷത്തെ വാർഷിക പദ്ധതി മാർഗ്ഗരേഖ ഭാഗം 2, ഖ.16.15(xi)(ഇ)അനുസരിച്ച് ഒരു സ്പിൽ ഓവർ പ്രൊജക്ട്, സ്പിൽ ഓവർ ആയ അതേവർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്.

മാർഗ്ഗരേഖക്ക് അനുസൃതവും ഫലപ്രദവുമായ പദ്ധതികൾ മാത്രം രൂപീകരിക്കാനും നടപ്പിലാക്കാനുമുള്ള ജാഗ്രത രാഷ്ട്രീയ-ഉദ്യോഗസ്ഥതലത്തിൽ ഉണ്ടാവേണ്ടതുണ്ട്.

## **3-12** തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും - അപാകതകൾക്ക് വിശദീകരണം നൽകുന്നതുവരേക്ക് തുക തടസ്സപ്പെടുത്തുന്നു.

ട്രഷറി ബിൽ നം.43/16-17 തീ.30.03.17 Rs.16,00,000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ *'തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും'*(SO 428/17 – അടങ്കൽതുക 16 ലക്ഷം) എന്ന പദ്ധതിയിൽ തെരുവുവിളക്ക് സാമഗ്രികൾ വാങ്ങുന്നതിനായി രണ്ട് തവണ ടെണ്ടറുകൾ ക്ഷണിച്ചതിനു ശേഷവും പ്രതികരണമൊന്നും ലഭിക്കാത്തതിനെ തുടർന്ന് 10.03.17-ന് എ3-6043 നം. ആയി ക്വട്ടേഷൻ ക്ഷണിക്കുകയും 3 ക്വട്ടേഷനുകൾ ലഭിച്ചതിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ എഡിസൺ ഇലക്ട്രിക്കൽസ്, പറപ്പിള്ളിൽ റോഡ്, തിരുവാംകുളം, എറണാകുളം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ പഞ്ചായത്ത് കമ്മിറ്റിയുടെ 27.03.17-ലെ 1(1) തീരുമാനപ്രകാരം അംഗീകരിക്കുകയും തുടർന്ന് സെക്രട്ടറിയുടെ 30.03.17 -ലെ എ3-6043/17 കത്ത് പ്രകാരം സ്ഥാപനത്തിന് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. പദ്ധതി നടത്തിപ്പിൽ കണ്ട പ്രധാന അപാകതകൾ താഴെ ചേർക്കുന്നു;

1.ഫയൽ പരിശോധിച്ചതിൽ രണ്ട് ഇൻവോയ്സുകൾ കാണുന്നുണ്ട്. 30.03.17 ലെ ഇൻവോയ്സ് നം.84പ്രകാരം വിതരണം ചെയ്ത സാധനങ്ങളുടെ വില 16,00,147 രൂപയാണ്. പ്രസ്തുത ഇൻവോയ്സിൽ വിതരണം ചെയ്ത CFL-ന്റെ എണ്ണം 2387 ആണ്. പ്രസ്തുത ഇൻവോയ്സ് നമ്പറാണ് സ്റ്റോക്ക്

രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങൾ സ്റ്റോക്കിലെടുത്ത തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഫയലിൽനിന്നും ലഭിച്ച മറ്റൊരു ഇൻവോയ്സ് (നം.1/12.04.17)പ്രകാരം വിതരണം ചെയ്ത CFL കളുടെ എണ്ണം 1600 ആണ്. 12.04.17 ന് പഞ്ചായത്തിൽനിന്നും നൽകിയ Acceptance Certificate of Supplies പ്രകാരം ലഭിച്ച CFL കളുടെ എണ്ണം 1600 ആണ്.

2.Acceptance Certificate of Supplies പ്രകാരം സ്ഥാപനം സാധനങ്ങൾ വിതരണം ചെയ്തത് 12.04.17 നാണ്. എന്നാൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുമുൻപേ 30.03.17 ന തന്നെ തുക സ്ഥാപനത്തിന് കൈമാറിയിരിക്കുന്നു.(സ്ഥാപനത്തിൽനിന്നും ലഭിച്ച രശീതിയിൽ തുകയോ തീയ്യതിയോ രേഖപ്പടുത്തിയിട്ടില്ല.)

3.കരാർ പല സ്ഥലങ്ങളിലും ശൂന്യമാണ്.

4.ടെണ്ടർ നോട്ടീസിൽ ഗുണനിലവാര നിഷ്കർഷ വ്യവസ്ഥകളൊന്നുമില്ല.

മേൽ അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭിക്കുന്നതുവരേക്ക് ചെലവു തുക 16 ലക്ഷം രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-13 സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

'തെരുവ് വിളക്കുകൾ വാങ്ങലും സ്ഥാപിക്കലും' (so 428/17), '13,17,21 എന്നീ വാർഡുകളിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ' (so 482/17) എന്നീ പദ്ധതികൾക്കായി യഥാക്രമം 16 ലക്ഷം, 4.5 ലക്ഷം എന്നിങ്ങനെ തുകകൾ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നടന്ന ഓഡിറ്റിന്റെ സമയത്തും ഓരോ മാസവും സ്ട്രീറ്റ് ലൈറ്റിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ 70,000 രൂപയോളം അടവാക്കുന്നുണ്ട്. 20 ലക്ഷം രൂപയോളം ചെലവഴിച്ച്, വൈദ്യുതി ഉപഭോഗം താരതമ്യേന കുറവുള്ള LED ബൾബുകൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചതിന്റെ അനന്തരഫലം പരിശോധിക്കുന്നതിനുതകുന്നതരത്തിൽ സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ സ്ഥാപിച്ചിട്ടില്ല. ഇത്തരം മീറ്ററുകൾ സ്ഥാപിക്കാൻ വർഷങ്ങൾക്കുമുമ്പുതന്നെ സർക്കാർ നിർദ്ദേശമുണ്ടായിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് ഈ വിഷയത്തിൽ എടുത്ത നിലപാട് സർക്കാർ നിർദ്ദേശത്തോട് യോജിച്ച് പോകുന്നതല്ല. സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ സ്ഥാപിച്ച് വൈദ്യുതി ബില്ലിൽ തദനുസൃതമായ ഇളവുകൾ നേടിയെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-14 രശീതി/ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പദ്ധതികളിൽ ചെലവഴിച്ച തുകക്ക് രശീതി / ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | റിമാർക്സ് | തുക/ട്രഷറി ബിൽ |
|---|---|---|---|---|
| SSA | SSA വിഹിതം (so 228/17) | HM (LP School) | ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | 1/16-17 തീ.28.12.16 ₹6,48,774 |
| SSA | SSA അധിക വിഹിതം നൽകൽ(so 460/17) | HM (LP School) | i)ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. ii)രശീതി ലഭിച്ചിട്ടില്ല. | 8/16-17 തീ.28.02.17 ₹3,92,870 |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ(so 207/17) | Secretary | i)ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>ii)രശീതി ലഭിച്ചിട്ടില്ല. | 22/16-17 തീ.3.3.17<br>₹1,32,000 |
| ഭൂജലവകുപ്പ് | ടാങ്കിൻകുന്ന് കുടിവെള്ള പദ്ധതി (so 238/17) | Secretary | ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | i)12/16-17 തീ.22.12.16<br>₹50,000<br>ii)വൗച്ചർ നം.21601341/ 31.3.17<br>₹5,50,000 |
| ഭൂജലവകുപ്പ് | എച്ചിപ്പാറ ട്രൈബൽ സ്കൂൾ കുഴൽകിണർ നിർമ്മാണം (so 319/17) | Secretary | i)ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>ii)പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 11/16-17 തീ.22.12.16 ₹1,25,000 |
| കേരള വാട്ടർ അതോറിറ്റി | മുനിയാട്ടുകുന്ന് കുടിവെള്ള പദ്ധതി (so 322/17) | Secretary | ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | ചെക്ക് നം.1729045 തീ.8.3.17 ₹3,40,000 |
| കേരള വാട്ടർ അതോറിറ്റി | പത്താം വാർഡിലെ അങ്കണവാടിയിലേക്ക് കുടിവെള്ളം ലഭ്യമാക്കൽ<br>(so 487/17) | Secretary | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 32/16-17 തീ.23.3.17<br>₹19,500 |
| കേരള വാട്ടർ അതോറിറ്റി | 109-ാം നം. അങ്കണവാടിക്ക് കുടിവെള്ള കണക്ഷൻ | Secretary | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 41/16-17 തീ.30.03.17<br>₹80,000 |
| KSEB | വാർഡ് 4,5 സ്ട്രീറ്റ് മെയിൻ വലിക്കൽ | Secretary | i)രശീതി ഇല്ല.<br>ii)ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 49/16-17 തീ.30.3.17<br>₹2,97,500 |
| KSEB | എച്ചിപ്പാറ – പാലപ്പിള്ളി റൂട്ടിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | Secretary | i)രശീതി ഇല്ല.<br>ii)ധനവിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 54/16-17<br>തീ.31.3.17<br>₹1,75,000 |
| IKM | IKM വിഹിതം | Secretary | രശീതി ഇല്ല. | 28/16-17<br>തീ.9.3.17<br>₹27,321 |
| കേരള വാട്ടർ അതോറിറ്റി | വിവിധകുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | Secretary | വികസനഫണ്ടിൽനിന്നും തുക ട്രാൻസ്ഫർ ചെയ്തതിന് രശീതി ലഭിച്ചിട്ടില്ല. പ്രവൃത്തിപൂർത്തീകരിച്ചിട്ടില്ല. | i)30/16-17 തീ.24.3.17<br>₹5,40,000<br>ii)ചെക്ക് നം.1729056/<br>തീ.22.3.17 ₹25,000 |
| KSEB | വാർഡ് 8-കുണ്ടായി സ്ട്രീറ്റ് ലൈൻ വലിക്കൽ | Secretary | രശീതി ലഭിച്ചിട്ടില്ല.<br>പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 50/16-17 തീ.30.03.17 ₹1,48,750 |

| | | | | |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | ടാങ്കിൻകുന്ന് കുടിവെള്ള പദ്ധതി | Secretary | പദ്ധതിയല്ലാതെ ഒരു രേഖയും ഹാജരാക്കിയില്ല | 27/16-17<br>തീ.9.3.17<br>Rs.1,90,000 |
| കേരള വാട്ടർ അതോറിറ്റി | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് കുടിവെള്ളം ലഭ്യമാക്കലും അനുബന്ധചെലവുകളും | Secretary | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | ചെക്ക് നം.1729055<br>തീ.22.3.17<br>Rs.13,500 |
| കേരള വാട്ടർ അതോറിറ്റി | 15-ാം വാർഡ് കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | Secretary | രശീതി ലഭിച്ചില്ല<br>പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 29/16-17<br>തീ.24.3.17<br>Rs.2,82,000 |
| കേരള വാട്ടർ അതോറിറ്റി | 83-ാം നം.അങ്കണവാടി കുടിവെള്ള കണക്ഷൻ | Secretary | രശീതി ലഭിച്ചില്ല<br>പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 19/16-17<br>തീ.3.3.17<br>Rs.99,000 |

ധനവിനിയോഗ സാക്ഷ്യപത്രം, രശീതി എന്നിവയുടെ അഭാവത്തിൽ ₹41,36,215 തടസ്സത്തിൽ വെക്കുന്നു.

## 3-15 എച്ചിപ്പാറ സ്കൂൾ പെയിന്റിങ്ങ് - അപാകതകൾ

എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി എച്ചിപ്പാറ സ്കൂൾ പെയിന്റിങ്ങ് നടത്തിയതിന് 1,25,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഓവർസിയർ തയ്യാറാക്കിയ 1,37,500 രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ വി.പി.രാജൻ എന്ന കരാറുകാരന്റെ ടെണ്ടർ പഞ്ചായത്ത് കമ്മിറ്റിയുടെ 20.01.17-ലെ 22(3)നം. തീരുമാനപ്രകാരം അംഗീകരിച്ചു. ട്രഷറി ബിൽ നം.13/16-17 തീ.30.03.17 പ്രകാരം തുക പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു;

1.മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അസി.എഞ്ചിനിയറാകണമെന്നിരിക്കെ സാങ്കേതിക ജ്ഞാനമില്ലാത്ത എൽ.പി.സ്കൂൾ അധ്യാപികയെ നിർവ്വഹണ ഉദ്യോഗസ്ഥയാക്കി.

2.1,37,500 രൂപ അടങ്കലുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഓവർസിയർ തയ്യാറാക്കിയിരിക്കുന്നു. 50,000രൂപ വരെയുള്ള എസ്റ്റിമേറ്റുകൾ മാത്രമാണ് ഓവർസിയർക്ക് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

3.പ്രവൃത്തിയുടെ വാല്യുവേഷൻ ഓവർസിയർ ആണ് എടുത്തിരിക്കുന്നത്. 50,000രൂപ വരെയുള്ള അളവെടുക്കൽ മാത്രമാണ് ഓവർസിയറിന് എടുക്കുവാൻ സാധിക്കൂ.

4.പ്രവൃത്തിയുടെ അളവ് പുസ്തകം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളിൽ കൂടുതൽ വിശദീകരണം ലഭിക്കുന്നതുവരേക്ക് ചെലവു തുക 1,25,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-16 സർക്കാർ നിർദ്ദേശമില്ലാതെ പരിശീലനപരിപാടിക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചത്

തടസ്സപ്പെടുത്തുന്നു.

റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പരിശീലന പരിപാടികൾ നടത്തുന്നതിന് അനുവദിക്കുന്ന സർക്കാർ ഉത്തരവുകൾ നിലവിലില്ലാതെ എൽ.പി.സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുന്ന പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്;

1.ഗവ.സ്കൂളിൽ കലാകായിക പരിശീലനം (so 216/17)

ചെലവ് -98,150

ട്രഷറിബിൽ

2/16-17 തീ.27.12.16, തുക 42,900

12/16-17 തീ.27.3.17, തുക 22,100

5/16-17 തീ.28.2.17, തുക 33,150

2.ഗവ.സ്കൂളിൽ യോഗ പരിശീലനം (so 221/17)

ചെലവ് - 43,000

ട്രഷറിബിൽ

4/16-17 തീ.28.12.16, തുക 14,500

7/16-17 തീ.28.2.17, തുക 14,500

11/16-17 തീ.27.3.17, തുക 14,000

3.ഗവ.സ്കൂളിൽ കരാട്ടെ പരിശീലനം(so 225/17)

ചെലവ് - 41,500

ട്രഷറിബിൽ

6/16-17 തീ.28.2.17, തുക 14,500

3/16-17 തീ.28.12.16, തുക 14,500

10/16-17 തീ.27.3.17, തുക 12,500

സർക്കാരിന്റെ വ്യക്തമായ നിർദ്ദേശത്തിന്റെ അഭാവത്തിൽ റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പരിശീലനപരിപാടികൾ നടത്തിയതിന് ചെലവഴിച്ച തുക 1,82,650 രൂപ തടസ്സത്തിൽവെക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2016-17 | 235200 | ഐ ഇ ഡി എസ് സ്കോളർഷിപ്പ് | - | 235200 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 333000 | ഗാലസ നെൽകൃഷി വികസന പദ്ധതി | - | 333000 |
| ആകെ | | 568200 | | - | 568200 |

രസീറ്റ്&പേയ്മെന്റ് അക്കൗണ്ട് ഷെഡ്യൂൾ RP-31 പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 4,00,000 രൂപ വരവുണ്ട്. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരം 31.03.17 ൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവഴിക്കാനവശേഷിക്കുന്നത് 11,78,569 രൂപയാണ്. എന്നാൽ ഈയിനങ്ങളുടെ വരവ് ചെലവ് വിശദാംശങ്ങൾ പഞ്ചായത്ത് ഹാജരാക്കിയിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പി.എം.എ.വൈ (എസ് സി) | 21600777/1-7-2017 | 380000 | 380000 | ഇല്ല |
| കേരള വാട്ടർ അതോറിറ്റി | വെള്ളാരംപാടം എസ്.സി കോളനി കുടിവെള്ള പദ്ധതി | 21600995 | 400000 | 400000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | എ ഒ വി കോളലിയിലേയ്ക്ക് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21600774/1-1-2017 | 100000 | 90000 | 10000 |
| ബ്ലോക്ക് പഞ്ചായത്ത് | ഐ.എ.വൈ പട്ടികജാതി വിഭാഗത്തിന് ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക കൈമാറൽ | 21601064 | 100000 | 100000 | ഇല്ല |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 21601227 | 132000 | 132000 | ഇല്ല |
| കെ.എസ്.ഇ.ബി | അംഗനവാടികൾക്ക് വൈദ്യുതി കണക്ഷൻ | 21601227 | 20000 | - | 20000 |

| | | | | | |
|---|---|---|---|---|---|
| ഭൂജലവകുപ്പ് | ടാങ്കിൻകുന്ന് കുടിവെള്ള പദ്ധതി | 21601341 | 600000 | 600000 | ഇല്ല |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | എച്ചിപ്പാറ ട്രൈബൽ സ്കൂൾ കിഴൽകിണർ നിർമ്മാണം | 21601233 | 125000 | 125000 | - |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | വരന്തരപ്പിള്ളി ടാക്സി സ്റ്റാന്റിന് സമീപം കുഴൽകിണർ നിർമ്മാണം | - | 125000 | - | 125000 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള സൂപ്പർവിഷന് ചാർജ്ജ് | 21601367 | 77000 | 14278 | 62722 |
| കേരള വാട്ടർ അതോറിറ്റി | മുനിയാട്ട്കുന്ന് കുടിവെള്ളപദ്ധതി | 21601354 | 240000 | 130000 | 110000 |
| കേരള വാട്ടർ അതോറിറ്റി | 109 നമ്പർ അംഗനവാടിയ്ക്ക് കുടിവെള്ള കണക്ഷൻ | 21601226 | 80000 | 80000 | - |
| കേരള വാട്ടർ അതോറിറ്റി | അഡീഷണൽ ഷിഫ്റ്റ് ചാർജ്ജ് | 21601345 | 469000 | 469000 | - |
| കെ.എസ്.ഇ.ബി | പഞ്ചായത്ത് ഇറിഗേഷൻ പമ്പ് ഹൗസ് വഴി (എച്ചിപ്പാറ) ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | - | 100000 | - | 100000 |
| കെ.എസ്.ഇ.ബി | പള്ളിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ ഇലക്ട്രിഫിക്കേഷൻ | - | 750000 | - | 750000 |
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്ത് സമ്പൂർണ്ണസ്ട്രീറ്റ്മെയിൻ വലിക്കൽ | - | 1991280 | - | 90365 |
| കേരള വാട്ടർ അതോറിറ്റി | 15-ാം വാർഡ് കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 21601271 | 282000 | 282000 | 18000 |
| കേരള വാട്ടർ അതോറിറ്റി | 83-ാം നമ്പർ അംഗൻവാടി കുടിവെള്ള കണക്ഷൻ | 21601018 | 99000 | 90000 | - |
| കേരള വാട്ടർ അതോറിറ്റി | വിവിധ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 21601317<br>216013261 | 569000 | 569000 | 30000 |
| കേരള വാട്ടർ അതോറിറ്റി | പുളിയാനക്കുന്ന് കുടിവെള്ള പൈപ്പ് ലൈൻ നീട്ടലും പൊതുടാപ്പ് സ്ഥാപിക്കലും | - | 90000 | - | 90000 |

മേൽ പ്രകാരം പഞ്ചായത്ത് നൽകിയ കണക്കുകൾ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ-മായി പൊരുത്തപ്പെടുന്നില്ല. ഖണ്ഡിക 1-3(3) കാണുക.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തിരിച്ചടവില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ ചേർക്കുന്നു

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 9558367 | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | - | |
| 3 | ആകെ | 9558367 | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | - | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം+ പലിശ | 9558367+842429 | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക 10400796 |

എന്നാൽ ഈ തുക ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂൾ, ഭൗതിക പരിശോധനയ്ക്ക് ഹാജരാക്കിയ ഇൻവെസ്റ്റ്മെന്റ് മൂല്യം എന്നിവയിൽ നിന്ന് വ്യത്യാസപ്പെടുന്നു. (ഖണ്ഡിക 1-3(9) കാണുക)

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

# 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 16 | 2014-15 | VIII | ഇഞ്ചക്കുണ്ട് Lift | പ്രവർത്തനം |

| | | | | | |
|---|---|---|---|---|---|
| | | | 1-8-1(iii) | Irrigation പദ്ധതിക്ക് വേണ്ടി വൻ തുക ചെലവഴിച്ചിട്ടും പദ്ധതി പ്രവർത്തനക്ഷമമായില്ല. | ആരംഭിച്ചിട്ടില്ല.ആയതിന്റെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമസഭയിൽ അജണ്ട വെച്ച് ചർച്ച ചെയ്തുവെങ്കിലും തീരുമാനമായിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 78306220 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70767584 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6343865 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,00,000 | എം,കെ ദിനേഷ്, സെക്രട്ടറി (ഇൻചാർജ്) |
| 3-12 | 16,00,000 | എം,കെ ദിനേഷ്, സെക്രട്ടറി (ഇൻചാർജ്) |
| 3-14 | 10,41,644 | ശ്രീമതി കദീജാബി പി.കെ, ഹെഡ്മിസ്ട്രസ് |
| | 30,94,571 | എം,കെ ദിനേഷ്, സെക്രട്ടറി (ഇൻചാർജ്) |
| 3-15 | 1,25,000 | ശ്രീമതി കദീജാബി പി.കെ, ഹെഡ്മിസ്ട്രസ് |
| 3-16 | 1,82,650 | ശ്രീമതി കദീജാബി പി.കെ, ഹെഡ്മിസ്ട്രസ് |
| ആകെ | 6343865 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

-ഇല്ല-

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1986-87,87-88 | കെ.എസ്.എ.ടി.എസ്.ആർ-പി-6-605/15/02-12-2015 |
| 1988-89,89-90 | |
| 1990-91 | |
| 1991-92 | |
| 1992-93 | |
| 1993-94 | |
| 1994-95 | കെ.എസ്.എ.ടി.എസ്.ആർ-പി-6-269/116/23-02-2016 |

| | |
|---|---|
| 1995-96 | |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-01 | എൽ.എഫ്.ടി-9-1673/03/03-03-2003 |
| 2001-02 | എൽ.എഫ്.ടി-9-1406/03/19-12-03/04-03-04 |
| 2002-03 | എൽ.എഫ്.ടി-9-650/06/11-08-06/1-12-2006 |
| 2003-04 | എൽ.എഫ്.ടി-9-2550/08/26-12-09 |
| 2004-05 | എൽ.എഫ്.ടി-9-2551/08/206-12-2009 |
| 2005-06 | എൽ.എഫ്.ടി-9-2558/08/26-12-2009 |
| 2006-07 | എൽ.എഫ്.ടി-9-587/10/03-02-20114 |
| 2007-08 മുതൽ 2010—11 വരെ | എൽ.എഫ്.ടി.പി-2-1872/12/53-3-13/15-07-13 |
| 2011-12 | എൽ.എഫ്.ടി.പി-2-231/13/18-14-13/14-08-13 |
| 2012-13 | എൽ.എഫ്.ടി.പി-6-12/14/7-6-14/11.09-14 |

| | |
|---|---|
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ-പി-6-49/15/11-05-2015 /11-06-2015 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ-പി.6-1110/16/11.07.2016 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ-പി.6-2228/16/17-1-.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി6)1749/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി: 29.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള

പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P6)1749/2017

Office of the Joint Director of

Kerala State Audit Department

District Audit Office,
Thrissur - 680 020

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in
Dated: 29.11.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Varantharappilly Grama panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local

Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varantharappilly Grama Panchayat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director
District Audit Office
Thrissur